# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6543. 1.11.2011-ൽ മറുപടിയ്ക്ക്**

**രക്ത ബാങ്കുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. റ്റി.ബൽറാം<br>ശ്രീ. ഹൈബി ഈഡൻ.<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ.<br>ശ്രീ. എ.റ്റി. ജോർജ്ജ്. | | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | രക്തബാങ്കുകളുടെ പ്രവർത്തനം ശക്തമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) | രക്ത ബാങ്കുകളുടെ പ്രവർത്തനം കേരള സംസ്ഥാന ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും ഡ്രഗ്സ് കൺട്രോൾ വകുപ്പും പരിശോധിച്ച് വിലയിരുത്തുന്നുണ്ട്. ബ്ലഡ് ബാങ്ക് അനുവദിക്കുന്നതിനു മുമ്പും ലൈസൻസ് പുതുക്കുന്നതിനു മുമ്പും ബ്ലഡ് ബാങ്കിന്റെ ആവശ്യകത ഉറപ്പു വരുത്താറുണ്ട്. ബ്ലഡ് ബാങ്കിലെ രക്തശേഖരണത്തിന്റെയും വിതരണത്തിന്റെയും ആനുപാതികമായി ബ്ലഡ് ബാങ്കിൽ ഉപകരണങ്ങളും സ്റ്റാഫും ഉണ്ടെന്ന് Kerala State Blood Transfusion Council ഉറപ്പു വരുത്തുന്നുണ്ട്. ബ്ലഡ് ബാങ്ക് ജീവനക്കാർക്ക് Induction Training/ Refresher Training നൽകി ബ്ലഡ് ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | രക്ത ഘടകങ്ങൾ വേർതിരിക്കൽ യൂണിറ്റിന്റെ നിലവാരം ഉയർത്തികൊണ്ട് രക്തബാങ്കുകളെ നവീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും രക്ത ഘടകങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി - 1.ജനറൽ ആശുപത്രി തിരുവനന്തപുരം 2..ജില്ലാ ആശുപത്രി കൊല്ലം 3. ജില്ലാ ആശുപത്രി പാലക്കാട് 4. ജനറൽ ആശുപത്രി മഞ്ചേരി 5. ജില്ലാ ആശുപത്രി മാനന്തവാടി 6.ജനറൽ ആശുപത്രി പത്തനംതിട്ട 7.ജില്ലാ ആശുപത്രി കണ്ണൂർ എന്നീ 7 ആശുപത്രികളിലെ ബ്ലഡ് ബാങ്കുകളെ രക്ത ഘടക വേർതിരിക്കൽ യൂണിറ്റുകളായി ഉയർത്തുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ ഡബ്ല്യൂ ആന്റ് സി കോഴിക്കോട്, ജനറൽ ആശുപത്രി തലശ്ശേരി. ജില്ലാ ആശുപത്രി കാഞ്ഞങ്ങാട് എന്നീ ആശുപത്രികളിലെ ബ്ലഡ് ബാങ്കുകളെ ഇക്കൊല്ലം തന്നെ രക്ത ഘടക വേർതിരിക്കൽ യൂണിറ്റുകളായി ഉയർത്തുന്നതാണ്. |
| (സി) | ഇതിനായി ആധുനിക ഉപകരണങ്ങൾ വാങ്ങുമോ; | (സി) | പുതുതായി തുടങ്ങുന്ന രക്തഘടക വേർതിരിക്കൽ യൂണിറ്റുകൾക്കാവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ